DESPATCHED
17/3/23.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 2128(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 15182/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2023 മാർച്ച് 9

ശ്രീ. സന്തോഷ് കുമാർ സി.,
കൊവ്വപ്പുറത്ത് ഹൗസ്,
കയരളം പി.ഒ.,
കണ്ണൂർ – 670 602. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
റവന്യൂ ഡിവിഷണൽ ഓഫീസ്,
തളിപ്പറമ്പ് പി.ഒ., കണ്ണൂർ – 670 141.

2) അപ്പീൽ അധികാരി &
റവന്യൂ ഡിവിഷണൽ ഓഫീസർ,
റവന്യൂ ഡിവിഷണൽ ഓഫീസ്,
സബ് കളക്ടറുടെ കാര്യാലയം,
തളിപ്പറമ്പ് പി.ഒ., കണ്ണൂർ – 670 141. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/07/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 10/07/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 28/09/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/10/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/11/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29/11/2022 |

## ഉത്തരവ്

ശ്രീ. സന്തോഷ് കുമാർ സി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ ആവശ്യപ്പെട്ട വിവരം ലഭ്യമായില്ല എന്നാണ്.

2. ഹർജിക്കാരൻ 02.06.2022-ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, ശ്രീ. ഇട്ടമ്മൽ മുകുന്ദൻ 20.7.2020 തീയതിയിൽ റവന്യൂ മിത്രം പോർട്ടൽ വഴി നൽകിയ ആർ1000645 നമ്പർ പരാതിയുമായി

ബന്ധപ്പെട്ട് 11 ഇനങ്ങളിലായുള്ള വിവരങ്ങളും രേഖകളുടെ പകർപ്പുകളുമാണ്. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 4.7.2022 തീയതി നൽകിയ മറുപടിയിൽ, റവന്യൂ മിത്രം പോർട്ടൽ വഴി നൽകിയ പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ ടി പരാതി തീർപ്പായിട്ടുള്ളതാണെന്നും ആയത് ഓൺലൈൻ പോർട്ടൽ ആയതിനാലും പരാതി തീർപ്പാക്കിയതിനാലും ടി ഫയലിലെ വിവരങ്ങൾ ടി ഓഫീസിൽ നിന്ന് റിക്കവർ ചെയ്യാൻ സാധിക്കുന്നില്ല എന്നാണ്. ഹർജിക്കാരൻ 10.7.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, നാളിതുവരെ എസ്.പി.ഐ.ഒ. വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നാണ്.

3. രണ്ടാം എതിർകക്ഷി. കമ്മീഷൻ മുമ്പാകെ 28.11.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.ഇട്ടമ്മൽ മുകുന്ദൻ എന്ന വ്യക്തി സി.എം.ഒ. പോർട്ടലിൽ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് ടി കാര്യാലയത്തിൽ മുൻപ് തന്നെ ഇ/10613/21 നമ്പറായി ഫയൽ നിലവിൽ ഉണ്ടായിരുന്നതും ടി വിഷയത്തിൽ പരാതിക്കാരനായ ശ്രീ. ഇട്ടമ്മൽ മുകുന്ദൻ നൽകിയ ഫോറം 8 അപേക്ഷയുടെ അടിസ്ഥാനത്തിൽ വസ്തുവിന്റെ സബ്ഡിവിഷൻ നടപടികൾ പൂർത്തിയാക്കി വിസ്തീർണ വ്യത്യാസം പരിഹരിച്ച് ഭൂനികുതി ടിയാനിൽ സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സി.എം.ഒ. പോർട്ടൽ വഴി നൽകിയ പരാതി പരിഹരിച്ചിട്ടുണ്ടെന്നും എന്ന കാര്യം കൊളച്ചേരി വില്ലേജ് ഓഫീസർ, തളിപ്പറമ്പ് തഹസിൽദാർ എന്നിവർ റിപ്പോർട്ട് ചെയ്തിരുന്നു എന്നും ശ്രീ. ഇട്ടമ്മൽ മുകുന്ദൻ ഇതേ വിഷയം സംബന്ധിച്ചാണ് റവന്യു മിത്രം പോർട്ടലിൽ അപേക്ഷ സമർപ്പിച്ചതെന്നും ടി സാഹചര്യത്തിൽ ഇ/10613/21 നമ്പർ ഫയലിലെ വിവരങ്ങൾ റവന്യു മിത്രം പോർട്ടലിൽ നൽകി ടി ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്. പ്രസ്തുത റവന്യു പോർട്ടലിലെ അപേക്ഷയിലെ വിവരങ്ങൾ സംബന്ധിച്ചാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചതെന്നും ടി ഫയൽ തീർപ്പാക്കിയിട്ടുള്ളതിനാലും റവന്യു മിത്രം പോർട്ടൽ പൂർണ്ണമായും ഓൺലൈൻ ആകയാലും ടി അപേക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ ടി കാര്യാലയത്തിൽ നിന്നും റിക്കവർ ചെയ്തെടുക്കുവാൻ സാധിക്കുന്നില്ല എന്നും പ്രസ്തുത മറുപടിയ്ക്കെതിരെ സമർപ്പിച്ച അപ്പീലിൽ തുടർനടപടി സ്വീകരിക്കുന്നതിനായി അപേക്ഷകന് ഹിയറിംഗ് നോട്ടീസ് നൽകിയിരുന്നു എന്നും എന്നാൽ ടി ദിവസം ഹിയറിംഗിൽ ഹാജരാകാൻ കഴിയില്ലായെന്നും അപ്പീൽ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ട് ഹർജിക്കാരൻ 23.8.2022-ന് അപേക്ഷ നൽകിയിരുന്നു എന്നും റവന്യു മിത്രം പോർട്ടലിൽ ശ്രീ. ഇട്ടമ്മൽ മുകുന്ദൻ സമർപ്പിച്ച അപേക്ഷയിൽ ടി കാര്യാലയത്തിൽ നിന്നും നൽകിയ മറുപടി ഓൺലൈൻ വഴിയായതിനാലും ടി അപേക്ഷ തീർപ്പാക്കിയതിനാലും അപേക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ റിക്കവർ ചെയ്തെടുക്കുവാൻ സാധിക്കാത്തതിനാലാണ് അത്തരം മറുപടി എസ്.പി.ഐ.ഒ. നൽകിയിട്ടുള്ളത് എന്നും

ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിൽ തീരുമാനം എടുക്കുന്നതിന് എസ്.പി.ഐ.ഒ.യെയും ഹർജിക്കാരനേയും 2 തവണ നേരിൽ കേൾക്കാൻ നോട്ടീസ് നൽകിയിട്ടും പരാതിക്കാരൻ ഹാജരാകാത്തതിനാലാണ് അപ്പീൽ അപേക്ഷ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാത്തതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെയും രണ്ടാം എതിർകക്ഷി നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കമ്മീഷന് ബോധ്യമാകുന്നത് എതിർകക്ഷികൾ കമ്മീഷന്റെ 16.01.2023 ലെ നിർദ്ദേശ പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമല്ലാത്തതിനാൽ റവന്യു മിത്രം പോർട്ടൽ വഴി ശ്രീ. ഇട്ടമ്മൽ മുകുന്ദൻ എന്നവർ നൽകിയ R1000645 നമ്പർ പരാതിയുമായി ബന്ധപ്പെട്ട ഫയൽ ജില്ലാകളക്ടറേറ്റിൽ നിന്നും പുന:സൃഷ്ടിച്ച് നൽകി എന്ന് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച് ഈ ഹർജിയിലെ തുടർനടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 2023 മാർച്ച് 9-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി